## നവംബർ 28—ഡിസംബർ 1, 2024 വരെയുള്ള നന്ദിപ്രകാശന സമന്വയന സമ്മേളനത്തിന്റെ ദൂതുകളുടെ രൂപരേഖ

### പൊതു വിഷയം: ദൈവത്തിന്റെ വ്യവസ്ഥയ്ക്കുവേണ്ടി ദൈവത്തിന്റെ ഭരണത്തിൻ കീഴിൽ ക്രിസ്തീയജീവിതവും സഭാജീവിതവും നയിക്കുന്നു

ദൂത് അഞ്ച്

### പത്രൊസിന്റെ ലേഖനങ്ങളിലെ കൃപ

RA *Hymns*: E312, ML43

തിരുവെഴുത്ത് വായന: 1 പത്രൊ 1:2, 10, 13; 2:19-20; 3:7; 4:10; 5:5, 10, 12; 2 പത്രൊ. 1:2; 3:18

| | |
|---|---|
| 1 പത്രൊ. 1:2 | പിതാവായ ദൈവത്തിന്റെ, മുന്നറിവിനൊത്തവണ്ണം ആത്മാവിന്റ, വിശുദ്ധീകരണത്തിൽ യേശു ക്രിസ്തുവിന്റെ രക്തത്തിന്റെ, അനുസരണത്തിനും തളിക്കലിനും തിരഞ്ഞെടുക്കപ്പെട്ടവർക്ക്: നിങ്ങൾക്കു കൃപയും സമാധാനവും പെരുകുമാറാകട്ടെ. |
| 1 പത്രൊ. 1:10 | നിങ്ങൾക്കു വരുവാനുള്ള കൃപയെക്കുറിച്ച് പ്രവചിച്ച പ്രവാചകന്മാർ, ഈ രക്ഷയെക്കുറിച്ച് ശുഷ്കാന്തിയോടെ അന്വേഷിക്കുകയും തിരയുകയും ചെയ്തിരുന്നു, |
| 1 പത്രൊ. 1:13 | അതുകൊണ്ട് നിങ്ങളുടെ മനസ്സിനെ അരകെട്ടി സുബോധമുള്ളവരായി, നിങ്ങളുടെ പ്രത്യാശയെ യേശു ക്രിസ്തുവിന്റെ വെളിപാടിൽ നിങ്ങൾക്കു കൊണ്ടുവരുന്ന കൃപയിന്മേൽ പൂർണമായി ഉറപ്പിക്കുവിൻ. |
| 1 പത്രൊ. 2:19 | എന്തെന്നാൽ, ഒരുവൻ ദൈവത്തെക്കുറിച്ചുള്ള ഉൾബോധം നിമിത്തം, അന്യായമായി കഷ്ടമേറ്റുകൊണ്ട് ദുഃഖങ്ങൾ വഹിക്കുന്നു എങ്കിൽ, ഇതാകുന്നു കൃപ. |
| 1 പത്രൊ. 2:20 | നിങ്ങൾ പാപം ചെയ്യുമ്പോൾ അടികൊള്ളുന്നത് സഹിക്കുന്നു എങ്കിൽ, അത് എന്ത് മഹത്വമാകുന്നു? എന്നാൽ നിങ്ങൾ നന്മ ചെയ്യുമ്പോൾ കഷ്ടമേറ്റു കൊണ്ട് സഹിക്കുന്നു എങ്കിൽ, ഇത് ദൈവമുമ്പാകെ കൃപയാകുന്നു. |
| 1 പത്രൊ. 3:7 | അങ്ങനെതന്നെ ഭർത്താക്കന്മാരേ, നിങ്ങളുടെ പ്രാർഥനകൾക്കു തടസ്സം വരാതിരിക്കേണ്ടതിന്, സ്ത്രീ ബലഹീന പാത്രം എന്നുവച്ച്, ജീവകൃപയുടെ കൂട്ടവകാശികൾക്ക് എന്നപോലെ അവർക്കു മാനം പങ്കിട്ടുകൊണ്ട്, പരിജ്ഞാനപ്രകാരം അവരോടുകൂടെ വസിക്കുവിൻ. |
| 1 പത്രൊ. 4:10 | ഓരോരുത്തനും, തനിക്ക് വരം ലഭിച്ചിരിക്കുന്നതുപോലെ, ബഹുവിധമായ ദൈവകൃപയുടെ നല്ല കാര്യവിചാരകന്മാരായി നിങ്ങളുടെ ഇടയിൽ അത് ശുശ്രൂഷിച്ചുകൊണ്ടുതന്നെ. |
| 1 പത്രൊ. 5:5 | അങ്ങനെതന്നെ, ഇളയവരേ, മൂപ്പന്മാർക്കു കീഴ്പ്പെട്ടിരിക്കുവിൻ; നിങ്ങൾ എല്ലാവരും അന്യോന്യം താഴ്മകൊണ്ട് അരകെട്ടുവിൻ, എന്തുകൊണ്ടെന്നാൽ ദൈവം നിഗളികളെ എതിർക്കുന്നു, എന്നാൽ താഴ്മയുള്ളവർക്ക് കൃപ നൽകുന്നു. |
| 1 പത്രൊ. 5:10 | എന്നാൽ ക്രിസ്തു യേശുവിൽ നിങ്ങളെ തന്റെ നിത്യതേജസ്സിലേക്ക് വിളിച്ചവനായ, സകല കൃപയുടെയും ദൈവം, നിങ്ങൾ അൽപകാലം കഷ്ടമനുഭവിച്ചശേഷം, താൻതന്നെ നിങ്ങളെ തികഞ്ഞവരാക്കി, ഉറപ്പിച്ച്, ബലപ്പെടുത്തി, അടിസ്ഥാനപ്പെടുത്തും. |

1 പത്രൊ. 5:12 ഇതാകുന്നു ദൈവത്തിന്റെ സത്യകൃപയെന്ന് പ്രബോധിപ്പിച്ചും പൂർണമായി സാക്ഷീകരിച്ചുംകൊണ്ട്, വിശ്വസ്ത സഹോദരനായി ഞാൻ കണക്കാക്കുന്ന സില്വാനൊസ് മുഖാന്തരം, ചുരുക്കത്തിൽ ഞാൻ നിങ്ങൾക്ക് എഴുതിയിരിക്കുന്നു; ഈ കൃപയിലേക്കു പ്രവേശിച്ച് അതിൽ നിൽക്കുവിൻ.

2 പത്രൊ. 1:2 ദൈവത്തിന്റെയും നമ്മുടെ കർത്താവായ യേശുവിന്റെയും പൂർണ്ണ, പരിജ്ഞാനത്തിൽ നിങ്ങൾക്ക് കൃപയും സമാധാനവും പെരുകുമാറാകട്ടെ;

2 പത്രൊ. 3:18 എന്നാൽ നമ്മുടെ കർത്താവും രക്ഷിതാവുമായ യേശു ക്രിസ്തുവിന്റെ കൃപയിലും പരിജ്ഞാനത്തിലും വളരുവിൻ. അവന് ഇപ്പോഴും നിത്യതയുടെ നാളോളവും മഹത്വം ഉണ്ടായിരിക്കട്ടെ. ആമേൻ.

**I. കൃപ നമ്മുടെ ആസ്വാദനമെന്ന നിലയിൽ ക്രിസ്തുതന്നെയാണ്—അവനെത്തന്നെ സൗജന്യമായി നമുക്ക് നൽകുകയും, നമുക്ക് എല്ലാമായിത്തീരുകയും, നമ്മിലും നമ്മിലൂടെയും നമുക്കുവേണ്ടിയും എല്ലാം ചെയ്യുകയും ചെയ്യുന്ന ജീവൻ-നൽകുന്ന ആത്മാവായ പുനരുത്ഥാനം ചെയ്ത ക്രിസ്തുവാണ് കൃപ—യോഹ. 1:14, 17; യെശ. 55:1; 2 കൊരി. 1:8-9, 12; ഗലാ. 2:20; പ്ര.നി. 1 കൊരി. 15:10.**

യോഹ. 1:14 വചനം ജഡമായിത്തീർന്നു, കൃപയും യാഥാർഥ്യവും നിറഞ്ഞവനായി, നമ്മുടെ ഇടയിൽ കൂടാരമടിച്ചു, (ഞങ്ങൾ അവന്റെ തേജസ്സിനെ, പിതാവിൽനിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു).

യോഹ. 1:16 അവന്റെ നിറവിൽ നിന്ന് നമുക്ക് എല്ലാവർക്കും, കൃപമേൽ കൃപ ലഭിച്ചിരിച്ചിരിക്കുന്നു.

യോഹ. 1:17 ന്യായപ്രമാണം മോശെ മുഖാന്തരം നൽകപ്പെട്ടു; കൃപയും യാഥാർഥ്യവും യേശു ക്രിസ്തു മുഖാന്തരം വന്നു.

യെശ. 55:1 അല്ലയോ, ദാഹിക്കുന്ന ഏവരും ദ്രവ്യമില്ലാത്തവരുമായുള്ളോരേ വെള്ളത്തിന്നു വരുവിൻ: വന്നു വാങ്ങി തിന്നുവിൻ; നിങ്ങൾ വന്നു ദ്രവ്യവും വിലയും കൂടാതെ വീഞ്ഞും പാലും വാങ്ങിക്കൊൾവിൻ.

2 കൊരി. 1:8 സഹോദരന്മാരേ, ആസ്യയിൽ ഞങ്ങൾക്കുണ്ടായ ക്ലേശത്തെക്കുറിച്ച് നിങ്ങൾ അജ്ഞരായിരിക്കണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നില്ല, ഞങ്ങൾ ജീവനോടിരിക്കുമോ എന്നുപോലും നിരാശപ്പെടുമാറ്, ഞങ്ങളുടെ ശക്തിക്ക് അതീതമായി, ഞങ്ങൾ അത്യധികം ഭാരപ്പെട്ടു.

2 കൊരി. 1:9 ഞങ്ങളിൽ അല്ല, മരിച്ചവരെ ഉയിർപ്പിക്കുന്ന ദൈവത്തിന്മേൽ ഞങ്ങളുടെ നിശ്ചയം വച്ചുകൊള്ളേണ്ടതിന്, തീർച്ചയായും ഞങ്ങളിൽത്തന്നെ മരണത്തിന്റെ പ്രത്യുത്തരം ഞങ്ങൾക്ക് ഉണ്ടായിരുന്നു;

2 കൊരി. 1:12 ഞങ്ങൾ ലോകത്തിൽ, അതിലുപരി നിങ്ങളുടെ മുമ്പാകെ, ജഡിക ജ്ഞാനത്തിൽ അല്ല ദൈവകൃപയിലത്രേ, ദൈവത്തിന്റെ ഏകാഗ്രതയിലും ആത്മാർഥതയിലും, ഞങ്ങളെത്തന്നെ നടത്തിയിരിക്കുന്നു എന്ന ഞങ്ങളുടെ മനസ്സാക്ഷിയുടെ സാക്ഷ്യം, ഞങ്ങളുടെ പ്രശംസയാകുന്നു.

ഗലാ. 2:20 ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നത് ഞാൻ അല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്ന ജീവനോ വിശ്വാസത്തിൽ, എന്നെ സ്നേഹിക്കുകയും എനിക്കു വേണ്ടി തന്നെത്താൻ ഏൽപ്പിച്ചു കൊടുക്കുകയും ചെയ്ത, ദൈവപുത്രന്റെ വിശ്വാസത്തിൽ ജീവിക്കുന്നു.

1 കൊരി. 15:10 എന്നാൽ ദൈവത്തിന്റെ കൃപയാൽ ഞാൻ ആകുന്നത് ഞാൻ

ആകുന്നു; എന്നോടുള്ള അവന്റെ കൃപ വ്യർഥമായിത്തീർന്നതുമില്ല, എന്നാൽ അതിന് വിരുദ്ധമായി, അവരിൽ എല്ലാവരിലും അത്യധികമായി ഞാൻ അധ്വാനിച്ചു, എങ്കിലും ഞാനല്ല എന്നോടുകൂടെയുള്ള ദൈവകൃപയത്രേ.

**II. ദൈവത്തെക്കുറിച്ചും നമ്മുടെ കർത്താവായ യേശുവിനെക്കുറിച്ചുമുള്ള പൂർണ പരിജ്ഞാനത്തിൽ നമ്മുടെ ദൈനംദിന ജീവിതത്തിൽ പെരുകുന്ന കൃപയാണ് കൃപയുടെ പെരുക്കം; തന്റെ വ്യവസ്ഥയിലെ ദൈവകൃപ സമ്പന്നവും പെരുകുന്നതും വർധിച്ചുവരുന്നതുമാണ്—1 പത്രൊ. 1:2; 2 പത്രൊ. 1:2; യോഹ. 1:16; എഫെ. 1:6-8; 2:7; റോമ. 5:17, 21; 1 തിമൊ. 1:14; വെളി. 22:21:**

1 പത്രൊ. 1:2b ...നിങ്ങൾക്കു കൃപയും സമാധാനവും പെരുകുമാറാകട്ടെ.

2 പത്രൊ. 1:2 ദൈവത്തിന്റെയും നമ്മുടെ കർത്താവായ യേശുവിന്റെയും പൂർണ, പരിജ്ഞാനത്തിൽ നിങ്ങൾക്ക് കൃപയും സമാധാനവും പെരുകുമാറാകട്ടെ;

യോഹ. 1:16 അവന്റെ നിറവിൽ നിന്ന് നമുക്ക് എല്ലാവർക്കും, കൃപമേൽ കൃപ ലഭിച്ചിരിച്ചിരിക്കുന്നു.

എഫെ. 1:6 പ്രിയനിൽ അവൻ നമുക്ക് കൃപ ചൊരിഞ്ഞ തന്റെ, കൃപാമഹത്വത്തിന്റെ പുകഴ്ച്ചയ്ക്കായി തന്നെ.

എഫെ. 1:7 അവനിൽ നമുക്ക് അവന്റെ രക്തത്തിലൂടെ, അതിക്രമങ്ങളുടെ മോചനം എന്ന വീണ്ടെടുപ്പ്, അവന്റെ കൃപാധനപ്രകാരം ഉണ്ട്,

എഫെ. 1:8 അത് സകല ജ്ഞാനത്തിലും വിവേകത്തിലും നമുക്ക് വർധിച്ചുവരുവാൻ അവൻ ഇടയാക്കി,

എഫെ. 2:7 വരുവാനുള്ള യുഗങ്ങളിൽ ക്രിസ്തു യേശുവിൽ നമ്മോടുള്ള ദയയാൽ അവന്റെ കൃപയുടെ അളവറ്റ ധനം പ്രദർശിപ്പിക്കേണ്ടതിനു തന്നെ.

റോമ. 5:17 ഏകന്റെ അതിക്രമത്താൽ ഏകനിലൂടെ മരണം വാണു എങ്കിൽ, കൃപയുടെയും നീതിയുടെ ഉപഹാരത്തിന്റെയും സമൃദ്ധി ലഭിക്കുന്നവർ, യേശു ക്രിസ്തു എന്ന ഏകനിലൂടെ എത്ര അധികമായി ജീവനിൽ വാഴും.

റോമ. 5:21 എപ്രകാരം പാപം മരണത്തിൽ വാണുവോ, അപ്രകാരം തന്നെ കൃപ നീതിയിലൂടെ നിത്യജീവങ്കലേക്ക് നമ്മുടെ കർത്താവായ യേശു ക്രിസ്തുവിലൂടെ വാഴേണ്ടതിനു തന്നെ.

1 തിമൊ. 1:14 നമ്മുടെ കർത്താവിന്റെ കൃപ ക്രിസ്തു യേശുവിൽ വിശ്വാസത്തോടും സ്നേഹത്തോടും കൂടെ അത്യന്തം സമൃദ്ധമായി.

വെളി. 22:21 കർത്താവായ യേശുവിന്റെ കൃപ സകല വിശുദ്ധന്മാരോടുംകൂടെ ഇരിക്കട്ടെ. ആമേൻ.

A. നമ്മുടെ കഷ്ടാനുഭവങ്ങളിലൂടെയും പരിമിതികളിലൂടെയും ബലഹീനതകളിലൂടെയും നമുക്കു കൃപ പെരുകുന്നു; നമ്മുടെ ഭാരം വഹിക്കുന്നവനെന്ന നിലയിൽ ക്രിസ്തുവാണ് കൃപ; നമുക്ക് കൂടുതൽ ഭാരങ്ങൾ ഉണ്ടാകുമ്പോൾ, ക്രിസ്തുവിനെ കൃപയായി അനുഭവമാക്കാൻ നമുക്ക് കൂടുതൽ അവസരങ്ങളുണ്ടാകുന്നു—2 കൊരി. 12:7-9; പ്ര.നി. 1:12, 15.

2 കൊരി. 12:7 വെളിപാടുകളുടെ അതിവിശിഷ്ടത നിമിത്തം, ഞാൻ അത്യന്തം ഉയർത്തപ്പെടാതിരിക്കേണ്ടതിന്, എനിക്ക് ജഡത്തിൽ ഒരു മുള്ള്, സാത്താന്റെ ഒരു ദൂതനെ, എന്നെ ഇടിക്കേണ്ടതിന് തന്നിരിക്കുന്നു, ഞാൻ അത്യന്തം ഉയർത്തപ്പെടാതിരിക്കേണ്ടതിന് തന്നെ.

2 കൊരി. 12:8 അത് എന്നെ വിട്ടുപോകേണ്ടതിന്, ഇതിനെക്കുറിച്ച് ഞാൻ മൂന്നു പ്രാവശ്യം കർത്താവിനോട് അപേക്ഷിച്ചു.

2 കൊരി. 12:9 അവൻ എന്നോട്, എന്റെ കൃപ നിനക്ക് മതി, എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു എന്ന് പറഞ്ഞു. അതുകൊണ്ട് ക്രിസ്തുവിന്റെ ശക്തി എന്റെമേൽ കൂടാരമടിക്കേണ്ടതിന്, ഞാൻ അതിസന്തോഷത്തോടെ എന്റെ ബലഹീനതകളിൽ പ്രശംസിക്കും.

2 കൊരി. 1:12 ഞങ്ങൾ ലോകത്തിൽ, അതിലുപരി നിങ്ങളുടെ മുമ്പാകെ, ജഡിക ജ്ഞാനത്തിൽ അല്ല ദൈവകൃപയിലത്രേ, ദൈവത്തിന്റെ ഏകാഗ്രതയിലും ആത്മാർഥതയിലും, ഞങ്ങളെത്തന്നെ നടത്തിയിരിക്കുന്നു എന്ന ഞങ്ങളുടെ മനസ്സാക്ഷിയുടെ സാക്ഷ്യം, ഞങ്ങളുടെ പ്രശംസയാകുന്നു.

2 കൊരി. 1:15 ഈ നിശ്ചയത്തിൽ നിങ്ങൾക്ക് ഇരട്ടി കൃപ ഉണ്ടാകേണ്ടതിന്, ഞാൻ മുമ്പേ നിങ്ങളുടെ അടുക്കൽ വരുവാനും,

B. കൃപയെന്ന നിലയിൽ കർത്താവിന്റെ ആസ്വാദനമുള്ളത് അവനെ സ്നേഹിക്കുന്നവരോടുകൂടെയാണ്—എഫെ. 6:24; യോഹ. 21:15-17; 1 പത്രൊ. 1:8.

എഫെ. 6:24 നമ്മുടെ കർത്താവായ യേശു ക്രിസ്തുവിനെ അക്ഷയതയിൽ സ്നേഹിക്കുന്ന എല്ലാവരോടുംകൂടെ കൃപ ഉണ്ടായിരിക്കട്ടെ.

യോഹ. 21:15 പിന്നെ അവർ പ്രാതൽ കഴിച്ചശേഷം, യേശു ശിമോൻ പത്രൊസിനോട്, യോഹന്നാന്റെ മകനായ ശിമോനേ, ഇവയിൽ അധികമായി നീ എന്നെ സ്നേഹിക്കുന്നുവോ? എന്നു ചോദിച്ചു. അവൻ അവനോട്, ഉവ്വ്, കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു എന്ന് നീ അറിയുന്നുവല്ലോ എന്നു പറഞ്ഞു. എന്റെ കുഞ്ഞാടുകളെ പോഷിപ്പിക്കുക എന്ന് അവൻ അവനോട് പറഞ്ഞു.

യോഹ. 21:16 രണ്ടാമതും അവൻ അവനോട്, യോഹന്നാന്റെ മകനായ ശിമോനേ, നീ എന്നെ സ്നേഹിക്കുന്നുവോ? എന്നു ചോദിച്ചു. അവൻ അവനോട്, ഉവ്വ് കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു എന്ന് നീ അറിയുന്നുവല്ലോ എന്നു പറഞ്ഞു. എന്റെ ആടുകളെ മേയ്ക്കുക എന്ന് അവൻ അവനോട് പറഞ്ഞു.

യോഹ. 21:17 മൂന്നാമതും അവൻ അവനോട്, യോഹന്നാന്റെ മകനായ ശിമോനേ, നീ എന്നെ സ്നേഹിക്കുന്നുവോ? എന്നു ചോദിച്ചു. നീ എന്നെ സ്നേഹിക്കുന്നുവോ? എന്നു അവൻ മൂന്നാമതും തന്നോടു ചോദിച്ചതിനാൽ പത്രൊസ് ദുഃഖിതനായി. അവൻ അവനോട്, കർത്താവേ, നിനക്ക് എല്ലാം അറിയാം; ഞാൻ നിന്നെ സ്നേഹിക്കുന്നു എന്ന് നീ അറിയുന്നു എന്നു പറഞ്ഞു. യേശു അവനോട്, എന്റെ ആടുകളെ പോഷിപ്പിക്കുക.

1 പത്രൊ. 1:8 അവനെ കണ്ടിട്ടില്ലെങ്കിലും നിങ്ങൾ സ്നേഹിക്കുന്നു; ഇപ്പോൾ അവനെ കാണുന്നില്ലെങ്കിലും അവനിലേക്കു വിശ്വസിച്ചുകൊണ്ട്, നിങ്ങൾ അവാച്യവും തേജസ്സുനിറഞ്ഞതുമായ ആനന്ദത്തോടെ ഉല്ലസിക്കുന്നു,

C. അവന്റെ ദിവ്യസ്വഭാവത്തോടുകൂടിയ കൃപയെന്ന നിലയിൽ നമുക്ക് കർത്താവിന്റെ ആസ്വാദനമുള്ളത് അവന്റെ കൃപയുടെ വചനം സ്വീകരിക്കുകയും അതിൽ വസിക്കുകയും ചെയ്യുന്നതിലൂടെയാണ്, അതിൽ

അവന്റെ വിലയേറിയതും അതിമഹത്തരവുമായ എല്ലാ വാഗ്ദത്തങ്ങളും ഉള്ളടങ്ങുന്നു—പ്രവൃ. 20:32; 2 പത്രൊ. 1:4; എഫെ. 6:17-18.

| | |
|---|---|
| പ്രവൃ. 20:32 | ഇപ്പോൾ ഞാൻ നിങ്ങളെ ദൈവത്തിനും, നിങ്ങളെ കെട്ടുപണി ചെയ്യുവാനും വിശുദ്ധീകരിക്കപ്പെട്ട എല്ലാവരുടെയും ഇടയിലുള്ള അവകാശം നിങ്ങൾക്ക് നൽകുവാനും കഴിയുന്ന അവന്റെ കൃപയുടെ വചനത്തിനും ഭരമേൽപ്പിക്കുന്നു. |
| 2 പത്രൊ. 1:4 | അവയിലൂടെ അവൻ നമുക്ക് വിലയേറിയതും അതിമഹത്തരവുമായ വാഗ്ദത്തങ്ങൾ നൽകിയിരിക്കുന്നു, ഇവയാൽ നിങ്ങൾ, ലോകത്തിൽ മോഹത്താലുള്ള ദൂഷ്യത്തിൽനിന്ന് രക്ഷപ്പെട്ട്, ദിവ്യസ്വഭാവത്തിന്റെ പങ്കാളികളായിത്തീരേണ്ടതിനു തന്നെ. |
| എഫെ. 6:17 | രക്ഷയുടെ ശിരസ്ത്രവും ആത്മാവിന്റെ വാളും കൈക്കൊള്ളുവിൻ, ആ ആത്മാവ് ദൈവവചനം ആകുന്നു, |
| എഫെ. 6:18 | സകല പ്രാർഥനയും അപേക്ഷയും മുഖാന്തരം, ഏത് നേരത്തും ആത്മാവിൽ പ്രാർഥിച്ചും സകല സ്ഥിരോത്സാഹത്തോടെ ഇതിനായി ജാഗരിച്ചുംകൊണ്ട്, സകല വിശുദ്ധന്മാർക്കും, |

**III. പഴയനിയമത്തിലെ പ്രവാചകന്മാർ നമുക്കു വരുവാനുള്ള കൃപയെക്കുറിച്ച് പ്രവചിച്ചു—1 പത്രൊ. 1:10:**

| | |
|---|---|
| 1 പത്രൊ. 1:10 | നിങ്ങൾക്കു വരുവാനുള്ള കൃപയെക്കുറിച്ച് പ്രവചിച്ച പ്രവാചകന്മാർ, ഈ രക്ഷയെക്കുറിച്ച് ശുഷ്കാന്തിയോടെ അന്വേഷിക്കുകയും തിരയുകയും ചെയ്തിരുന്നു, |

A. ദൈവത്തിന്റെ പൂർണ രക്ഷയെ നമുക്ക് പ്രയോഗിക്കുന്നതിനുവേണ്ടി തന്റെ ജഡാവതാരത്തിലൂടെയും, തന്റെ മനുഷ്യജീവിതത്തിലും ക്രൂശുമരണത്തിലുമുള്ള അവന്റെ കഷ്ടാനുഭവങ്ങളിലൂടെയും, തന്റെ പുനരുത്ഥാനം, സ്വർഗ്ഗാരോഹണം, രണ്ടാം വരവ്, വാഴ്ച എന്നിവയിലെ മഹത്വങ്ങളിലൂടെയും ക്രിസ്തു കൃപയായി നമ്മുടെ അടുക്കൽ വരുന്നതിനെക്കുറിച്ച് ക്രിസ്തുവിന്റെ ആത്മാവ് പഴയനിയമ പ്രവാചകന്മാരിൽ അവർക്ക് വ്യക്തമാക്കിക്കൊടുത്തു—വാ. 5, 9-11; പ്ര.നി. സങ്കീ. 22; യെശ. 53; ദാനീ. 9:26.

| | |
|---|---|
| 1 പത്രൊ. 1:5 | അന്ത്യകാലത്തിൽ വെളിപ്പെടുവാൻ ഒരുങ്ങിയിരിക്കുന്ന, രക്ഷയിങ്കലേക്ക് വിശ്വാസത്തിലൂടെ ദൈവശക്തിയാൽ നിങ്ങൾ കാക്കപ്പെടുന്നു; |
| 1 പത്രൊ. 1:9 | നിങ്ങളുടെ വിശ്വാസത്തിന്റെ അവസാനമായ, നിങ്ങളുടെ ദേഹികളുടെ രക്ഷ പ്രാപിച്ചുകൊണ്ട് തന്നെ. |
| 1 പത്രൊ. 1:10 | നിങ്ങൾക്കു വരുവാനുള്ള കൃപയെക്കുറിച്ച് പ്രവചിച്ച പ്രവാചകന്മാർ, ഈ രക്ഷയെക്കുറിച്ച് ശുഷ്കാന്തിയോടെ അന്വേഷിക്കുകയും തിരയുകയും ചെയ്തിരുന്നു, |
| സങ്കീ. 22:1 | സംഗീതപ്രമാണിക്കു; ഉഷസ്സിൻ മാൻ പേട എന്ന രാഗത്തിൽ; ദാവീദിന്റെ ഒരു സങ്കീർത്തനം. എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടതെന്തു? എന്നെ രക്ഷിക്കാതെയും എന്റെ ഞരക്കത്തിന്റെ വാക്കുകൾ കേൾക്കാതെയും അകന്നു നില്ക്കുന്നതെന്തു? |
| സങ്കീ. 22:2 | എന്റെ ദൈവമേ, ഞാൻ പകൽസമയത്തു വിളിക്കുന്നു; എങ്കിലും നീ ഉത്തരമരുളുന്നില്ല; രാത്രികാലത്തും ഞാൻ വിളിക്കുന്നു; എനിക്കു ഒട്ടും മൌനതയില്ല. |

| | |
|---|---|
| സങ്കീ. 22:3 | യിസ്രായേലിന്റെ സ്തുതികളിന്മേൽ വസിക്കുന്നവനേ, നീ പരിശുദ്ധനാകുന്നുവല്ലോ. |
| സങ്കീ. 22:4 | ഞങ്ങളുടെ പിതാക്കന്മാർ നിങ്കൽ ആശ്രയിച്ചു; അവർ ആശ്രയിക്കയും നീ അവരെ വിടുവിക്കയും ചെയ്തു. |
| സങ്കീ. 22:5 | അവർ നിന്നോടു നിലവിളിച്ചു രക്ഷപ്രാപിച്ചു; അവർ നിങ്കൽ ആശ്രയിച്ചു, ലജ്ജിച്ചുപോയതുമില്ല. |
| സങ്കീ. 22:6 | ഞാനോ മനുഷ്യനല്ല, ഒരു കൃമിയത്രേ; മനുഷ്യരുടെ ധിക്കാരവും ജനത്താൽ നിന്ദിതനും തന്നേ. |
| സങ്കീ. 22:7 | എന്നെ കാണുന്നവരൊക്കെയും എന്നെ പരിഹസിക്കുന്നു; അവർ അധരം മലർത്തി തല കുലുക്കുന്നു; |
| സങ്കീ. 22:8 | യഹോവയിങ്കൽ നിന്നെത്തന്നേ സമർപ്പിക്ക! അവൻ അവനെ രക്ഷിക്കട്ടെ! അവൻ അവനെ വിടുവിക്കട്ടെ! അവനിൽ പ്രസാദമുണ്ടല്ലോ. |
| സങ്കീ. 22:9 | നീയല്ലോ എന്നെ ഉദരത്തിൽനിന്നു പുറപ്പെടുവിച്ചവൻ; എന്റെ അമ്മയുടെ മുല കുടിക്കുമ്പോൾ നീ എന്നെ നിർഭയം വസിക്കുമാറാക്കി. |
| സങ്കീ. 22:10 | ഗർഭപാത്രത്തിൽനിന്നു ഞാൻ നിങ്കൽ ഏല്പിക്കപ്പെട്ടു; എന്റെ അമ്മയുടെ ഉദരംമുതൽ നീ എന്റെ ദൈവം. |
| സങ്കീ. 22:11 | കഷ്ടം അടുത്തിരിക്കയാൽ എന്നെ വിട്ടകന്നിരിക്കരുതേ; സഹായിപ്പാൻ മറ്റാരുമില്ലല്ലോ. |
| സങ്കീ. 22:12 | അനേകം കാളകൾ എന്നെ വളഞ്ഞു; ബാശാൻകൂറ്റന്മാർ എന്നെ ചുറ്റിയിരിക്കുന്നു. |
| സങ്കീ. 22:13 | ബുഭുക്ഷയോടെ അലറുന്ന സിംഹംപോലെ അവർ എന്റെ നേരെ വായ് പിളർക്കുന്നു. |
| സങ്കീ. 22:14 | ഞാൻ വെള്ളംപോലെ തൂകിപ്പോകുന്നു; എന്റെ അസ്ഥികളെല്ലാം ബന്ധം വിട്ടിരിക്കുന്നു; എന്റെ ഹൃദയം മെഴുകുപോലെ ആയി എന്റെ കുടലിന്റെ നടുവെ ഉരുകിയിരിക്കുന്നു. |
| സങ്കീ. 22:15 | എന്റെ ശക്തി ഓട്ടുകഷണംപോലെ ഉണങ്ങിയിരിക്കുന്നു; എന്റെ നാവു അണ്ണാക്കോടു പറ്റിയിരിക്കുന്നു. നീ എന്നെ മരണത്തിന്റെ പൊടിയിൽ ഇട്ടുമിരിക്കുന്നു. |
| സങ്കീ. 22:16 | നായ്ക്കൾ എന്നെ വളഞ്ഞു; ദുഷ്ടന്മാരുടെ കൂട്ടം എന്നെ ചുറ്റിയിരിക്കുന്നു; അവർ എന്റെ കൈകളെയും കാലുകളെയും തുളെച്ചു. |
| സങ്കീ. 22:17 | എന്റെ അസ്ഥികളൊക്കെയും എനിക്കു എണ്ണാം; അവർ എന്നെ ഉറ്റുനോക്കുന്നു. |
| സങ്കീ. 22:18 | എന്റെ വസ്ത്രം അവർ പകുത്തെടുത്തു, എന്റെ അങ്കിക്കായി അവർ ചീട്ടിടുന്നു. |
| സങ്കീ. 22:19 | നീയോ, യഹോവേ, അകന്നിരിക്കരുതേ; എന്റെ തുണയായുള്ളോവേ, എന്നെ സഹായിപ്പാൻ വേഗം വരേണമേ. |
| സങ്കീ. 22:20 | വാളിങ്കൽനിന്നു എന്റെ പ്രാണനെയും നായുടെ കയ്യിൽനിന്നു എന്റെ ജീവനെയും വിടുവിക്കേണമേ. |
| സങ്കീ. 22:21 | സിംഹത്തിന്റെ വായിൽനിന്നു എന്നെ രക്ഷിക്കേണമേ; കാട്ടുപോത്തുകളുടെ കൊമ്പുകൾക്കിടയിൽ നീ എനിക്കു ഉത്തരമരുളുന്നു. |
| സങ്കീ. 22:22 | ഞാൻ നിന്റെ നാമത്തെ എന്റെ സഹോദരന്മാരോടു കീർത്തിക്കും: സഭാമദ്ധ്യേ ഞാൻ നിന്നെ സ്തുതിക്കും. |

സങ്കീ. 22:23 യഹോവാഭക്തന്മാരേ, അവനെ സ്തുതിപ്പിൻ; യാക്കോബിന്റെ സകലസന്തതിയുമായുള്ളോരേ, അവനെ മഹത്വപ്പെടുത്തുവിൻ; യിസ്രായേലിന്റെ സർവ്വസന്തതിയുമായുള്ളോരേ, അവനെ ഭയപ്പെടുവിൻ.

സങ്കീ. 22:24 അരിഷ്ടന്റെ അരിഷ്ടത അവൻ നിരസിച്ചില്ല വെറുത്തതുമില്ല; തന്റെ മുഖം അവന്നു മറെച്ചതുമില്ല; തന്നേ വിളിച്ചപേക്ഷിച്ചപ്പോൾ കേൾക്കയത്രേ ചെയ്തതു.

സങ്കീ. 22:25 മഹാസഭയിൽ എനിക്കു പ്രശംസ നിങ്കൽനിന്നു വരുന്നു. അവന്റെ ഭക്തന്മാർ കാൺകെ ഞാൻ എന്റെ നേർച്ചകളെ കഴിക്കും.

സങ്കീ. 22:26 എളിയവർ തിന്നു തൃപ്തന്മാരാകും; യഹോവയെ അന്വേഷിക്കുന്നവർ അവനെ സ്തുതിക്കും. നിങ്ങളുടെ ഹൃദയം എന്നേക്കും സുഖത്തോടിരിക്കട്ടെ.

സങ്കീ. 22:27 ഭൂമിയുടെ അറുതികൾ ഒക്കെയും ഓർത്തു യഹോവയിങ്കലേക്കു തിരിയും; ജാതികളുടെ വംശങ്ങളൊക്കെയും നിന്റെ മുമ്പാകെ നമസ്കരിക്കും.

സങ്കീ. 22:28 രാജത്വം യഹോവെക്കുള്ളതല്ലോ; അവൻ ജാതികളെ ഭരിക്കുന്നു.

സങ്കീ. 22:29 ഭൂമിയിൽ പുഷ്ടിയുള്ളവരൊക്കെയും ഭക്ഷിച്ചാരാധിക്കും; പൊടിയിലേക്കു ഇറങ്ങുന്നവരെല്ലാവരും അവന്റെ മുമ്പാകെ കുമ്പിടും; തന്റെ പ്രാണനെ രക്ഷിപ്പാൻ കഴിയാത്തവനും കൂടെ.

സങ്കീ. 22:30 ഒരു സന്തതി അവനെ സേവിക്കും; വരുന്ന തലമുറയോടു യഹോവയെക്കുറിച്ചു കീർത്തിക്കും.

സങ്കീ. 22:31 അവർ വന്നു, ജനിപ്പാനുള്ള ജനത്തോടു അവൻ നിവർത്തിച്ചിരിക്കുന്നു എന്നു അവന്റെ നീതിയെ വർണ്ണിക്കും.

യെശ. 53:1 ഞങ്ങൾ കേൾപ്പിച്ചതു ആർ വിശ്വസിച്ചിരിക്കുന്നു? യഹോവയുടെ ഭുജം ആർക്കു വെളിപ്പെട്ടിരിക്കുന്നു?

യെശ. 53:2 അവൻ ഇളയ തൈപോലെയും വരണ്ട നിലത്തുനിന്നു വേർ മുളെക്കുന്നതുപോലെയും അവന്റെ മുമ്പാകെ വളരും; അവന്നു രൂപഗുണം ഇല്ല, കോമളത്വം ഇല്ല; കണ്ടാൽ ആഗ്രഹിക്കത്തക്ക സൗന്ദര്യവുമില്ല.

യെശ. 53:3 അവൻ മനുഷ്യരാൽ നിന്ദിക്കപ്പെട്ടും ത്യജിക്കപ്പെട്ടും വ്യസനപാത്രമായും രോഗം ശീലിച്ചവനായും ഇരുന്നു; അവനെ കാണുന്നവർ മുഖം മറെച്ചുകളയത്തക്കവണ്ണം അവൻ നിന്ദിതനായിരുന്നു; നാം അവനെ ആദരിച്ചതുമില്ല.

യെശ. 53:4 സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു; നമ്മുടെ വേദനകളെ അവൻ ചുമന്നു; നാമോ, ദൈവം അവനെ ശിക്ഷിച്ചും അടിച്ചും ദണ്ഡിപ്പിച്ചുമിരിക്കുന്നു എന്നു വിചാരിച്ചു.

യെശ. 53:5 എന്നാൽ അവൻ നമ്മുടെ അതിക്രമങ്ങൾനിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾനിമിത്തം തകർന്നും ഇരിക്കുന്നു; നമ്മുടെ സമാധാനത്തിന്നായുള്ള ശിക്ഷ അവന്റെമേൽ ആയി അവന്റെ അടിപ്പിണരുകളാൽ നമുക്കു സൗഖ്യം വന്നുമിരിക്കുന്നു.

യെശ. 53:6 നാം എല്ലാവരും ആടുകളെപ്പോലെ തെറ്റിപ്പോയിരുന്നു; നാം ഓരോരുത്തനും താന്താന്റെ വഴിക്കു തിരിഞ്ഞിരുന്നു;

എന്നാൽ യഹോവ നമ്മുടെ എല്ലാവരുടെയും അകൃത്യം അവന്റെമേൽ ചുമത്തി.

| | |
|---|---|
| യെശ. 53:7 | തന്നെത്താൻ താഴ്ത്തി വായെ തുറക്കാതെയിരുന്നിട്ടും അവൻ പീഡിപ്പിക്കപ്പെട്ടു; കൊല്ലുവാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെയും രോമം കത്രിക്കുന്നവരുടെ മുമ്പാകെ മിണ്ടാതെയിരിക്കുന്ന ആടിനെപ്പോലെയും അവൻ വായെ തുറക്കാതിരുന്നു. |
| യെശ. 53:8 | അവൻ പീഡനത്താലും ശിക്ഷാവിധിയാലും എടുക്കപ്പെട്ടു; ജീവനുള്ളവരുടെ ദേശത്തുനിന്നു അവൻ ഛേദിക്കപ്പെട്ടു എന്നും എന്റെ ജനത്തിന്റെ അതിക്രമം നിമിത്തം അവന്നു ദണ്ഡനം വന്നു എന്നും അവന്റെ തലമുറയിൽ ആർ വിചാരിച്ചു? |
| യെശ. 53:9 | അവൻ സാഹസം ഒന്നും ചെയ്യാതെയും അവന്റെ വായിൽ വഞ്ചനയൊന്നും ഇല്ലാതെയും ഇരുന്നിട്ടും അവർ അവന്നു ദുഷ്ടന്മാരോടുകൂടെ ശവക്കുഴി കൊടുത്തു; അവന്റെ മരണത്തിൽ അവൻ സമ്പന്നന്മാരോടു കൂടെ ആയിരുന്നു. |
| യെശ. 53:10 | എന്നാൽ അവനെ തകർത്തുകളവാൻ യഹോവെക്കു ഇഷ്ടംതോന്നി; അവൻ അവന്നു കഷ്ടം വരുത്തി; അവന്റെ പ്രാണൻ ഒരു അകൃത്യയാഗമായിത്തീർന്നിട്ടു അവൻ സന്തതിയെ കാണുകയും ദീർഘായുസ്സു പ്രാപിക്കയും യഹോവയുടെ ഇഷ്ടം അവന്റെ കയ്യാൽ സാധിക്കയും ചെയ്യും. |
| യെശ. 53:11 | അവൻ തന്റെ പ്രയത്നഫലം കണ്ടു തൃപ്തനാകും; നീതിമാനായ എന്റെ ദാസൻ തന്റെ പരിജ്ഞാനം കൊണ്ടു പലരെയും നീതീകരിക്കും; അവരുടെ അകൃത്യങ്ങളെ അവൻ വഹിക്കും. |
| യെശ. 53:12 | അതുകൊണ്ടു ഞാൻ അവന്നു മഹാന്മാരോടുകൂടെ ഓഹരി കൊടുക്കും; ബലവാന്മാരോടുകൂടെ അവൻ കൊള്ള പങ്കിടും; അവൻ തന്റെ പ്രാണനെ മരണത്തിന്നു ഒഴുക്കിക്കളകയും അനേകരുടെ പാപം വഹിച്ചും അതിക്രമക്കാർക്കു വേണ്ടി ഇടനിന്നുംകൊണ്ടു അതിക്രമക്കാരോടുകൂടെ എണ്ണപ്പെടുകയും ചെയ്കയാൽ തന്നേ. |
| ദാനീ. 9:26 | അറുപത്തുരണ്ടു ആഴ്ചവട്ടം കഴിഞ്ഞിട്ടു അഭിഷിക്തൻ ഛേദിക്കപ്പെടും; അവന്നു ആരും ഇല്ലെന്നു വരും; പിന്നെ വരുവാനിരിക്കുന്ന പ്രഭുവിന്റെ പടജ്ജനം നഗരത്തെയും വിശുദ്ധമന്ദിരത്തെയും നശിപ്പിക്കും; അവന്റെ അവസാനം ഒരു പ്രളയത്തോടെ ആയിരിക്കും; അവസാനത്തോളം യുദ്ധമുണ്ടാകും; ശൂന്യങ്ങളും നിർണ്ണയിക്കപ്പെട്ടിരിക്കുന്നു. |

B. ക്രിസ്തുവിന്റെ ആത്മാവ് അവന്റെ മരണപുനരുത്ഥാനങ്ങളിലൂടെയും അവന്റെ മരണപുനരുത്ഥാനങ്ങളോടുകൂടെയും പുതിയനിയമ കാലത്താണ് യുഗപരമായി സംരചിക്കപ്പെട്ടതെങ്കിലും (യോഹ. 7:39; റോമ. 8:9-11), ആത്മാവിന്റെ പ്രവർത്തനം നിത്യമാണ്, കാരണം അവൻ നിത്യാത്മാവാണ് (എബ്രാ. 9:14).

| | |
|---|---|
| യോഹ. 7:39 | എന്നാൽ ഇത് അവൻ തന്നിലേക്കു വിശ്വസിക്കുന്നവർ സ്വീകരിക്കാറായ ആത്മാവിനെക്കുറിച്ചായിരുന്നു പറഞ്ഞത്; യേശു തേജസ്കരിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ആത്മാവ് അതുവരെ ഇല്ലായിരുന്നു. |
| റോമ. 8:9 | എന്നാൽ ദൈവത്തിന്റെ ആത്മാവ് നിശ്ചയമായും |

നിങ്ങളിൽ വസിക്കുന്നു എങ്കിൽ, നിങ്ങൾ ജഡത്തിലല്ല ആത്മാവിലത്രേ ആകുന്നു. എങ്കിലും ഒരുവന് ക്രിസ്തുവിന്റെ, ആത്മാവില്ലെങ്കിൽ, അവൻ അവനിൽനിന്നുള്ളവനല്ല.

റോമ. 8:10 — എന്നാൽ ക്രിസ്തു നിങ്ങളിൽ ഉണ്ടെങ്കിലോ, ശരീരം പാപം നിമിത്തം മരിച്ചതെങ്കിലും, ആത്മാവ് നീതി നിമിത്തം ജീവൻ ആകുന്നു.

റോമ. 8:11 — യേശുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നുവെങ്കിൽ, ക്രിസ്തുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവൻ നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിലൂടെ നിങ്ങളുടെ മർത്യശരീരങ്ങൾക്കും ജീവൻ നൽകും.

എബ്രാ. 9:14 — നിത്യാത്മാവിലൂടെ നിഷ്കളങ്കനായി തന്നെത്താൻ ദൈവത്തിന് അർപ്പിച്ച ക്രിസ്തുവിന്റെ രക്തം, ജീവനുള്ള ദൈവത്തെ സേവിക്കുവാൻ നമ്മുടെ മനസ്സാക്ഷിയെ നിർജീവ പ്രവൃത്തികളിൽനിന്ന് എത്രയധികം ശുദ്ധീകരിക്കും?

C. വിശ്വാസികളുടെ ദേഹികളുടെ രക്ഷയായ രാജ്യയുഗത്തിലെ കർത്താവിന്റെ സന്തോഷത്തിലേക്ക് അവർ പ്രവേശിക്കുന്നതിന് അവർക്കുള്ള ദൈവത്തിന്റെ സമ്പൂർണ രക്ഷയുടെ സർവ പര്യാപ്തവും പരിധിയില്ലാത്തതുമായ കൃപയായിരിക്കുവാൻ ക്രിസ്തു പുതിയനിയമ വിശ്വാസികളുടെ അടുക്കലേക്ക് വരുന്നതിനെക്കുറിച്ച് പഴയനിയമ പ്രവാചകന്മാർക്ക് വ്യക്തമാക്കുന്നതിന് ക്രിസ്തുവിന്റെ ആത്മാവ്, അവന്റെ നിത്യമായ പ്രവർത്തനത്തിൽ അവരിൽ ഉണ്ടായിരുന്നു—യോഹ. 1:17; എബ്രാ. 10:29; 1 പത്രൊ. 1:9; മത്താ. 25:21, 23.

യോഹ. 1:17 — ന്യായപ്രമാണം മോശെ മുഖാന്തരം നൽകപ്പെട്ടു; കൃപയും യാഥാർഥ്യവും യേശു ക്രിസ്തു മുഖാന്തരം വന്നു.

എബ്രാ. 10:29a — ദൈവപുത്രനെ ചവിട്ടിമെതിക്കുകയും, തന്നെ വിശുദ്ധീകരിച്ച ഉടമ്പടിയുടെ രക്തത്തെ പൊതുവായത് എന്ന് കരുതുകയും, കൃപയുടെ ആത്മാവിനെ അപമാനിക്കുകയും ചെയ്തവനെ...

1 പത്രൊ. 1:9 — നിങ്ങളുടെ വിശ്വാസത്തിന്റെ അവസാനമായ, നിങ്ങളുടെ ദേഹികളുടെ രക്ഷ പ്രാപിച്ചുകൊണ്ട് തന്നെ.

മത്താ. 25:21 — അവന്റെ യജമാനൻ അവനോട്, നല്ലവനും വിശ്വസ്തനുമായ അടിമയേ, നന്നായി ചെയ്തിരിക്കുന്നു. നീ അൽപകാര്യങ്ങളിൽ വിശ്വസ്തനായിരുന്നു, ഞാൻ നിന്നെ അനേകം കാര്യങ്ങൾക്കുമേൽ ആക്കിവയ്ക്കും. നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു പ്രവേശിക്കുക എന്നു പറഞ്ഞു.

മത്താ. 25:23 — അവന്റെ യജമാനൻ അവനോട്, നല്ലവനും വിശ്വസ്തനുമായ അടിമയേ, നന്നായി ചെയ്തിരിക്കുന്നു. നീ അൽപകാര്യങ്ങളിൽ വിശ്വസ്തനായിരുന്നു, ഞാൻ നിന്നെ അനേകം കാര്യങ്ങൾക്കു മേൽ ആക്കിവയ്ക്കും. നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു പ്രവേശിക്കുക എന്നു പറഞ്ഞു.

D. ക്രിസ്തുവിന്റെ ആത്മാവ് ദൈവത്തിന്റെ സമ്പൂർണ്ണ രക്ഷയെ രണ്ട് ഉപാധികളാൽ നമുക്ക് കൃപയായി പ്രയോഗിക്കുന്നു: പഴയനിയമ പ്രവാചകന്മാരുടെ

പ്രവചനത്താലും പുതിയനിയമത്തിലെ അപ്പൊസ്തലന്മാരുടെ പ്രസംഗത്താലും—1 പത്രൊ. 1:10-12; പ്ര.നി. വെളി. 2:7.

| | |
|---|---|
| 1 പത്രൊ. 1:10 | നിങ്ങൾക്കു വരുവാനുള്ള കൃപയെക്കുറിച്ച് പ്രവചിച്ച പ്രവാചകന്മാർ, ഈ രക്ഷയെക്കുറിച്ച് ശുഷ്കാന്തിയോടെ അന്വേഷിക്കുകയും തിരയുകയും ചെയ്തിരുന്നു, |
| 1 പത്രൊ. 1:11 | ഏത് സമയത്ത് അഥവാ എങ്ങനെയുള്ള സമയത്ത് എന്ന് തിരഞ്ഞുകൊണ്ട് അവരിലെ ക്രിസ്തുവിന്റെ ആത്മാവ്, ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളെയും അവയ്ക്കു ശേഷമുള്ള മഹത്വങ്ങളെയും മുൻകൂട്ടി സാക്ഷ്യപ്പെടുത്തിക്കൊണ്ട് സ്പഷ്ടമാക്കുകയായിരുന്നു. |
| 1 പത്രൊ. 1:12 | തങ്ങൾക്കുതന്നെയല്ല നിങ്ങൾക്കത്രേ അവർ ഈ കാര്യങ്ങൾ ശുശ്രൂഷിച്ചതെന്ന് അവർക്കു വെളിപ്പെട്ടു, അവ സ്വർഗത്തിൽ നിന്ന് അയച്ച പരിശുദ്ധാത്മാവിനാൽ നിങ്ങളോടു സുവിശേഷം പ്രസംഗിച്ചവരിലൂടെ ഇപ്പോൾ നിങ്ങളോട് അറിയിച്ചിരിക്കുന്നു, അവയിലേക്ക് ദൂതന്മാർ ഉറ്റുനോക്കുവാൻ വാഞ്ഛിക്കുന്നു. |
| വെളി. 2:7a | ആത്മാവ് സഭകളോടു പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ.... |

**IV. വിശ്വാസികൾ തങ്ങളുടെ പ്രത്യാശ പൂർണമായി ഉറപ്പിച്ചിരിക്കുന്ന കൃപ യേശു ക്രിസ്തുവിന്റെ വെളിപാടിൽ അവർക്ക് കൊണ്ടുവരപ്പെടും—1 പത്രൊ. 1:13:**

| | |
|---|---|
| 1 പത്രൊ. 1:13 | അതുകൊണ്ട് നിങ്ങളുടെ മനസ്സിനെ അരകെട്ടി സുബോധമുള്ളവരായി, നിങ്ങളുടെ പ്രത്യാശയെ യേശു ക്രിസ്തുവിന്റെ വെളിപാടിൽ നിങ്ങൾക്കു കൊണ്ടുവരുന്ന കൃപയിന്മേൽ പൂർണമായി ഉറപ്പിക്കുവിൻ. |

A. യേശു ക്രിസ്തുവിന്റെ വെളിപാടിൽ നമുക്കു കൊണ്ടുവരപ്പെടുന്ന കൃപ, ദൈവത്തിന്റെ സമ്പൂർണരക്ഷയുടെ പരിണതിയായി ദേഹിയുടെ രക്ഷയെ സൂചിപ്പിക്കുന്നു—വാ. 5, 9-10:

| | |
|---|---|
| 1 പത്രൊ. 1:5 | അന്ത്യകാലത്തിൽ വെളിപ്പെടുവാൻ ഒരുങ്ങിയിരിക്കുന്ന, രക്ഷയിങ്കലേക്ക് വിശ്വാസത്തിലൂടെ ദൈവശക്തിയാൽ നിങ്ങൾ കാക്കപ്പെടുന്നു; |
| 1 പത്രൊ. 1:9 | നിങ്ങളുടെ വിശ്വാസത്തിന്റെ അവസാനമായ, നിങ്ങളുടെ ദേഹികളുടെ രക്ഷ പ്രാപിച്ചുകൊണ്ട് തന്നെ. |
| 1 പത്രൊ. 1:10 | നിങ്ങൾക്കു വരുവാനുള്ള കൃപയെക്കുറിച്ച് പ്രവചിച്ച പ്രവാചകന്മാർ, ഈ രക്ഷയെക്കുറിച്ച് ശുഷ്കാന്തിയോടെ അന്വേഷിക്കുകയും തിരയുകയും ചെയ്തിരുന്നു, |

1. ക്രിസ്തുവിൽ നമുക്ക് നൽകിയ കൃപ ലോകാരംഭത്തിനു മുമ്പേ നമ്മുടെ മേൽ ചൊരിയപ്പെട്ടതായിരുന്നു—2 തിമൊ. 1:9; തീത്തൊ. 2:11.

| | |
|---|---|
| 2 തിമൊ. 1:9 | അവൻ നമ്മെ രക്ഷിക്കുകയും വിശുദ്ധ വിളിയാൽ വിളിക്കുകയും ചെയ്തത്, നമ്മുടെ പ്രവൃത്തികൾക്കൊത്തവണ്ണമല്ല തന്റെ സ്വന്തം ഉദ്ദേശ്യത്തിനും കൃപയ്ക്കും ഒത്തവണ്ണമത്രേ, അത് യുഗങ്ങളുടെ കാലങ്ങൾക്കു മുമ്പേ ക്രിസ്തു യേശുവിൽ നമുക്കു നൽകപ്പെട്ടിരുന്നു, |
| തീത്തൊ. 2:11 | എന്തെന്നാൽ സകല മനുഷ്യർക്കും രക്ഷ കൊണ്ടുവരുന്ന ദൈവകൃപ പ്രത്യക്ഷമായിരിക്കുന്നു, |

2. ആദിയിലുണ്ടായിരുന്ന ദൈവം, മനുഷ്യനു ലഭിക്കുവാനും കൈവശമാക്കുവാനും ആസ്വദിക്കുവാനുമുള്ള കൃപയായി സമയത്തിൽ ജഡമായിത്തീർന്നു—യോഹ. 1:1, 14, 16-17.

| | |
|---|---|
| യോഹ. 1:1 | ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടുകൂടെ ആയിരുന്നു, വചനം ദൈവം ആയിരുന്നു. |
| യോഹ. 1:14 | വചനം ജഡമായിത്തീർന്നു, കൃപയും യാഥാർഥ്യവും നിറഞ്ഞവനായി, നമ്മുടെ ഇടയിൽ കൂടാരമടിച്ചു, (ഞങ്ങൾ അവന്റെ തേജസ്സിനെ, പിതാവിൽനിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു). |
| യോഹ. 1:16 | അവന്റെ നിറവിൽ നിന്ന് നമുക്ക് എല്ലാവർക്കും, കൃപമേൽ കൃപ ലഭിച്ചിരിച്ചിരിക്കുന്നു. |
| യോഹ. 1:17 | ന്യായപ്രമാണം മോശെ മുഖാന്തരം നൽകപ്പെട്ടു; കൃപയും യാഥാർഥ്യവും യേശു ക്രിസ്തു മുഖാന്തരം വന്നു. |

3. സർവവും ഉൾക്കൊള്ളുന്ന, ജീവൻ നൽകുന്ന, ഉൾവസിക്കുന്ന ആത്മാവായി പരിണതി പ്രാപിച്ച പ്രക്രിയാവിധേയനായ ത്രിയേക ദൈവം, നമ്മുടെ ആത്മാവോടുകൂടെ കൃപയുടെ ആത്മാവായിത്തീർന്നു—1 കൊരി. 15:45; 2 കൊരി. 3:17; എബ്രാ. 10:29; ഗലാ. 6:18; ഫിലി. 4:23.

| | |
|---|---|
| 1 കൊരി. 15:45b | ...ഒടുക്കത്തെ ആദാം ജീവൻ-നൽകുന്ന ആത്മാവ് ആയിത്തീർന്നു. |
| 2 കൊരി. 3:17 | കൂടാതെ കർത്താവ് ആത്മാവാകുന്നു; കർത്താവിന്റെ ആത്മാവ് എവിടെയോ, അവിടെ സ്വാതന്ത്ര്യമുണ്ട്. |
| എബ്രാ. 10:29 | ദൈവപുത്രനെ ചവിട്ടിമെതിക്കുകയും, തന്നെ വിശുദ്ധീകരിച്ച ഉടമ്പടിയുടെ രക്തത്തെ പൊതുവായത് എന്ന് കരുതുകയും, കൃപയുടെ ആത്മാവിനെ അപമാനിക്കുകയും ചെയ്തവനെ എത്ര ദുഷ്കരമായ ശിക്ഷക്കു യോഗ്യനായി കരുതും എന്ന് നിങ്ങൾക്കു തോന്നുന്നു? |
| ഗലാ. 6:18 | സഹോദരന്മാരേ, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ കൃപ നിങ്ങളുടെ ആത്മാവോടുകൂടെ ഇരിക്കട്ടെ. ആമേൻ. |
| ഫിലി. 4:23 | കർത്താവായ യേശു ക്രിസ്തുവിന്റെ കൃപ നിങ്ങളുടെ ആത്മാവോടു കൂടെ ഇരിക്കട്ടെ. |

B. കൃപയുടെ നിരന്തര സ്വീകർത്താക്കളായിരിക്കുവാൻ നാം അനുദിനം തുറന്ന പാത്രങ്ങളായിരിക്കുകയും ഈ കൃപയിൽ മുഴുവനായും പൂർണമായും പ്രത്യാശ ഉറപ്പിക്കുകയും വേണം—റോമ. 5:17; 1 പത്രൊ. 1:13.

| | |
|---|---|
| റോമ. 5:17 | ഏകന്റെ അതിക്രമത്താൽ ഏകനിലൂടെ മരണം വാണു എങ്കിൽ, കൃപയുടെയും നീതിയുടെ ഉപഹാരത്തിന്റെയും സമൃദ്ധി ലഭിക്കുന്നവർ, യേശു ക്രിസ്തു എന്ന ഏകനിലൂടെ എത്ര അധികമായി ജീവനിൽ വാഴും. |
| 1 പത്രൊ. 1:13 | അതുകൊണ്ട് നിങ്ങളുടെ മനസ്സിനെ അരകെട്ടി സുബോധമുള്ളവരായി, നിങ്ങളുടെ പ്രത്യാശയെ യേശു ക്രിസ്തുവിന്റെ വെളിപാടിൽ നിങ്ങൾക്കു കൊണ്ടുവരുന്ന കൃപയിന്മേൽ പൂർണമായി ഉറപ്പിക്കുവിൻ. |

**V. *ദൈവമുമ്പാകെ കൃപ* എന്നത് നമ്മുടെ ഉള്ളിലുള്ള ദിവ്യജീവന്റെ പ്രേരണയെയും, നമ്മുടെ പെരുമാറ്റത്തിൽ മനുഷ്യന്റെയും ദൈവത്തിന്റെയും ദൃഷ്ടിയിൽ**

**കൃപനിറഞ്ഞതും സ്വീകാര്യവുമായിത്തീരുന്ന, നമ്മുടെ ജീവിതത്തിലെ അതിന്റെ ആവിഷ്കാരത്തെയും സൂചിപ്പിക്കുന്നു:**

1 പത്രൊ. 2:19 എന്തെന്നാൽ, ഒരുവൻ ദൈവത്തെക്കുറിച്ചുള്ള ഉൾബോധം നിമിത്തം, അന്യായമായി കഷ്ടമേറ്റുകൊണ്ട് ദുഃഖങ്ങൾ വഹിക്കുന്നു എങ്കിൽ, ഇതാകുന്നു കൃപ.

1 പത്രൊ. 2:20 നിങ്ങൾ പാപം ചെയ്യുമ്പോൾ അടികൊള്ളുന്നത് സഹിക്കുന്നു എങ്കിൽ, അത് എന്ത് മഹത്വമാകുന്നു? എന്നാൽ നിങ്ങൾ നന്മ ചെയ്യുമ്പോൾ കഷ്ടമേറ്റു കൊണ്ട് സഹിക്കുന്നു എങ്കിൽ, ഇത് ദൈവമുമ്പാകെ കൃപയാകുന്നു.

A. നമ്മുടെ ആസ്വാദനത്തിനായുള്ള പ്രക്രിയാവിധേയനായ ത്രിയേക ദൈവമെന്ന നിലയിൽ കൃപ ദൈവവുമായുള്ള നമ്മുടെ ഹൃദ്യമായ കൂട്ടായ്മയിലും ദൈവത്തെക്കുറിച്ചുള്ള നമ്മുടെ ഉൾബോധത്തിലും നമ്മുടെ ആന്തരിക പ്രേരണയും ബാഹ്യാവിഷ്കാരവുമാകുന്നു; കൃപ ഉണ്ടായിരിക്കേണ്ടത് എങ്ങനെയാണെന്ന്, എന്നുവച്ചാൽ കൃപ സ്വീകരിക്കേണ്ടതും, കൃപ കൈവശമാക്കേണ്ടതും, കൃപ ഉപയോഗിക്കേണ്ടതും, കൃപ പ്രയോഗിക്കേണ്ടതും എങ്ങനെയാണെന്ന് നാമെല്ലാവരും പഠിക്കേണ്ടതുണ്ട്—എബ്രാ. 12:28.

എബ്രാ. 12:28 അതുകൊണ്ട് കുലുക്കമില്ലാത്ത രാജ്യം പ്രാപിക്കുന്നതുകൊണ്ട്, നമുക്ക് കൃപയുണ്ടായിരിക്കട്ടെ, അതിലൂടെ സുപ്രസാദകരമായി ഭക്തിയോടും ഭയത്തോടും കൂടെ നമുക്ക് ദൈവത്തെ സേവിക്കാം;

B. നമ്മുടെ വിശുദ്ധ ജീവിതത്തിലും സഭായോഗങ്ങളിലും മറ്റുള്ളവർക്ക് കാണുവാൻ തക്കവണ്ണം നാം കൃപയായി പ്രാപിക്കുകയും ആസ്വദിക്കുകയും ചെയ്ത പ്രക്രിയാവിധേയനായ ത്രിയേക ദൈവം പ്രത്യക്ഷമായി പ്രകടമാകുന്നു—പ്രവൃ. 11:23.

പ്രവൃ. 11:23 അവൻ വന്ന് ദൈവകൃപ കണ്ടപ്പോൾ, സന്തോഷിക്കുകയും അവർ എല്ലാവരെയും ഹൃദയ നിശ്ചയത്തോടെ കർത്താവിനോടുകൂടെ തുടരുവാൻ ഉൽസാഹിപ്പിക്കുകയും ചെയ്തു.

C. കഷ്ടാനുഭവങ്ങൾക്കിടയിൽ ക്രിസ്തുവിനെ കൃപയായി ആസ്വദിക്കുവാനും ആവിഷ്കരിക്കുവാനും നാം വിളിക്കപ്പെട്ടിരിക്കുന്നു, അങ്ങനെ നാം ക്രിസ്തുവിന്റെ ദൈവ-മനുഷ്യ ജീവിതത്തിനൊത്തവണ്ണം നമ്മുടെ മാതൃകയായ അവന്റെ ഒരു പുനരുല്പാദനമായി, ഒരു ഫോട്ടോകൊപ്പിയായിത്തീരുന്നു—1 പത്രൊ 2:20-21.

1 പത്രൊ. 2:20 നിങ്ങൾ പാപം ചെയ്യുമ്പോൾ അടികൊള്ളുന്നത് സഹിക്കുന്നു എങ്കിൽ, അത് എന്ത് മഹത്വമാകുന്നു? എന്നാൽ നിങ്ങൾ നന്മ ചെയ്യുമ്പോൾ കഷ്ടമേറ്റു കൊണ്ട് സഹിക്കുന്നു എങ്കിൽ, ഇത് ദൈവമുമ്പാകെ കൃപയാകുന്നു.

1 പത്രൊ. 2:21 ഇതിനാകുന്നു നിങ്ങൾ വിളിക്കപ്പെട്ടത്, എന്തുകൊണ്ടെന്നാൽ ക്രിസ്തുവും നിങ്ങൾക്കു പകരം കഷ്ടമേറ്റു, നിങ്ങൾ അവന്റെ കാൽച്ചുവടുകൾ പിന്തുടരേണ്ടതിന് നിങ്ങൾക്ക് ഒരു മാതൃക വച്ചിരിക്കുന്നു;

**VI. ശക്തരോ ബലഹീനരോ ആയ എല്ലാ വിശ്വാസികളുടെയും അവകാശമാണ് ജീവകൃപ—3:7:**

1 പത്രൊ. 3:7 അങ്ങനെതന്നെ ഭർത്താക്കന്മാരേ, നിങ്ങളുടെ പ്രാർഥനകൾക്കു തടസ്സം വരാതിരിക്കേണ്ടതിന്, സ്ത്രീ ബലഹീന പാത്രം എന്നുവച്ച്, ജീവകൃപയുടെ കൂട്ടവകാശികൾക്ക് എന്നപോലെ അവർക്കു മാനം പങ്കിട്ടുകൊണ്ട്, പരിജ്ഞാനപ്രകാരം അവരോടുകൂടെ

വസിക്കുവിൻ.

A. തന്റെ ദിവ്യ ത്രിത്വത്തിൽ—പിതാവ് ജീവന്റെ സ്രോതസ്സായും, പുത്രൻ ജീവന്റെ ഗതിയായും, പുത്രനോടും പിതാവിനോടും കൂടെ, നമുക്ക് കൃപയായി, നമ്മുടെ ഉള്ളിൽ ഒഴുകുന്ന ആത്മാവ് ജീവന്റെ ഒഴുക്കായും—നമുക്ക് ജീവനും ജീവസഹായവുമായ ദൈവമാണ് ജീവകൃപ—യോഹ. 7:38-39; വെളി. 22:1.

| | |
|---|---|
| യോഹ. 7:38 | തിരുവെഴുത്ത് പറഞ്ഞതുപോലെ, എന്നിലേക്കു വിശ്വസിക്കുന്നവന്റെ ഏറ്റവും ഉള്ളിലെ ആളത്തത്തിൽനിന്ന് ജീവജലനദികൾ ഒഴുകും. |
| യോഹ. 7:39 | എന്നാൽ ഇത് അവൻ തന്നിലേക്കു വിശ്വസിക്കുന്നവർ സ്വീകരിക്കാറായ ആത്മാവിനെക്കുറിച്ചായിരുന്നു പറഞ്ഞത്; യേശു തേജസ്കരിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ആത്മാവ് അതുവരെ ഇല്ലായിരുന്നു. |
| വെളി. 22:1 | വീഥിയുടെ നടുവിൽ, ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽനിന്നു പുറപ്പെടുന്നതായ, പളുങ്കുപോലെ ശുഭ്രമായ, ജീവജല നദി അവൻ എന്നെ കാണിച്ചു. |

B. നാം ജീവകൃപയെ അവകാശമാക്കുന്ന അവകാശികളും ജീവകൃപയെ ഉൾക്കൊള്ളുവാനുള്ള പാത്രങ്ങളും ആകുന്നു—1 പത്രൊ. 3:7; എഫെ. 1:14; 2 കൊരി. 4:7.

| | |
|---|---|
| 1 പത്രൊ. 3:7 | അങ്ങനെതന്നെ ഭർത്താക്കന്മാരേ, നിങ്ങളുടെ പ്രാർഥനകൾക്കു തടസ്സം വരാതിരിക്കേണ്ടതിന്, സ്ത്രീ ബലഹീന പാത്രം എന്നുവച്ച്, ജീവകൃപയുടെ കൂട്ടവകാശികൾക്ക് എന്നപോലെ അവർക്കു മാനം പങ്കിട്ടുകൊണ്ട്, പരിജ്ഞാനപ്രകാരം അവരോടുകൂടെ വസിക്കുവിൻ. |
| എഫെ. 1:14 | അവൻ തന്റെ മഹത്വത്തിന്റെ പുകഴ്ച്ചയ്ക്ക്, സ്വായത്തമാക്കിയ സ്വത്തിന്റെ, വീണ്ടെടുപ്പിങ്കലേക്ക് നമ്മുടെ അവകാശത്തിന്റെ അച്ചാരമാകുന്നു. |
| 2 കൊരി. 4:7 | എന്നാൽ ഈ ശക്തിയുടെ ശ്രേഷ്ഠത ഞങ്ങളിൽ നിന്നല്ല ദൈവത്തിൽ നിന്നത്രേ എന്നു വരേണ്ടതിന്, ഈ നിധി ഞങ്ങൾക്ക് മൺപാത്രങ്ങളിലത്രേ ഉള്ളത്. |

**VII. ദൈവത്തിന്റെ ബഹുവിധമായ കൃപ, വിശുദ്ധന്മാർ അന്യോന്യം ശുശ്രൂഷിക്കുന്ന അതിന്റെ തരഭേദങ്ങളിലുള്ള ദൈവകൃപയുടെ സമ്പത്തിനെ സൂചിപ്പിക്കുന്നു—1 പത്രൊ. 4:10:**

| | |
|---|---|
| 1 പത്രൊ. 4:10 | ഓരോരുത്തനും, തനിക്ക് വരം ലഭിച്ചിരിക്കുന്നതുപോലെ, ബഹുവിധമായ ദൈവകൃപയുടെ നല്ല കാര്യവിചാരകന്മാരായി നിങ്ങളുടെ ഇടയിൽ അത് ശുശ്രൂഷിച്ചുകൊണ്ടുതന്നെ. |

A. ദൈവത്തിന്റെ ബഹുവിധമായ കൃപ ജീവന്റെ സമ്പന്ന സഹായമാണ്, അത് വിവിധ വശങ്ങളിൽ നമ്മിലേക്ക് ശുശ്രൂഷിക്കപ്പെടുന്ന ത്രിയേക ദൈവമാണ്—2 കൊരി. 13:14; 12:9.

| | |
|---|---|
| 2 കൊരി. 13:14 | കർത്താവായ യേശു ക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങൾ എല്ലാവരോടുംകൂടെ ഇരിക്കട്ടെ. |
| 2 കൊരി. 12:9 | അവൻ എന്നോട്, എന്റെ കൃപ നിനക്ക് മതി, എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു എന്ന് പറഞ്ഞു. അതുകൊണ്ട് ക്രിസ്തുവിന്റെ ശക്തി എന്റെമേൽ കൂടാരമടിക്കേണ്ടതിന്, ഞാൻ അതിസന്തോഷത്തോടെ |

എന്റെ ബലഹീനതകളിൽ പ്രശംസിക്കും.

B. ദൈവത്തിന്റെ അരുളപ്പാടുകളായി കൃപയുടെ വാക്കുകൾ സംസാരിച്ചുകൊണ്ടും ദൈവം പകരുന്ന കൃപയുടെ ബലത്താലും ശക്തിയാലും ശുശ്രൂഷിച്ചുകൊണ്ടും നാം വിവിധമായ ദൈവകൃപയുടെ നല്ല കാര്യവിചാരകന്മാരായിരിക്കണം—1 പത്രൊ. 4:10-11; ലൂക്കൊ. 4:22; എഫെ. 3:2; 4:29.

1 പത്രൊ. 4:10 ഓരോരുത്തനും, തനിക്ക് വരം ലഭിച്ചിരിക്കുന്നതുപോലെ, ബഹുവിധമായ ദൈവകൃപയുടെ നല്ല കാര്യവിചാരകന്മാരായി നിങ്ങളുടെ ഇടയിൽ അത് ശുശ്രൂഷിച്ചുകൊണ്ടുതന്നെ.

1 പത്രൊ. 4:11 ഒരുവൻ സംസാരിക്കുന്നുവെങ്കിൽ, ദൈവത്തിന്റെ അരുളപ്പാടുകൾ സംസാരിക്കുന്നതുപോലെ; ഒരുവൻ ശുശ്രൂഷിക്കുന്നുവെങ്കിൽ, ദൈവം പ്രദാനം ചെയ്യുന്ന ശക്തിയിൽനിന്ന് ശുശ്രൂഷിക്കുന്നതുപോലെ; അങ്ങനെ എല്ലാറ്റിലും ദൈവം യേശു ക്രിസ്തുവിലൂടെ മഹത്വപ്പെടേണ്ടതിനുതന്നെ, മഹത്വവും ബലവും എന്നെന്നേക്കും അവനുള്ളത്. ആമേൻ.

ലൂക്കൊ. 4:22 എല്ലാവരും അവനു സാക്ഷ്യം വഹിക്കുകയും, അവന്റെ വായിൽനിന്നു പുറപ്പെടുന്ന കൃപയുടെ വചനങ്ങളിൽ ആശ്ചര്യപ്പെടുകയും ചെയ്തു, ഇവൻ യോസേഫിന്റെ മകനല്ലയോ? എന്ന് അവർ പറഞ്ഞു.

എഫെ. 3:2 നിങ്ങൾക്കായി എനിക്കു നൽകപ്പെട്ട ദൈവകൃപയുടെ കാര്യവിചാരകത്വത്തെക്കുറിച്ച് നിങ്ങൾ വാസ്തവമായി കേട്ടിട്ടുണ്ടെങ്കിൽ,

എഫെ. 4:29 നിങ്ങളുടെ വായിൽനിന്ന് ദുഷിച്ച വാക്കൊന്നും പുറപ്പെടാതെ, കേൾക്കുന്നവർക്ക് കൃപ ലഭിക്കേണ്ടതിന്, ആവശ്യാനുസരണം, കെട്ടുപണിക്ക് കൊള്ളാവുന്നതു മാത്രം പുറപ്പെടട്ടെ.

**VIII. ദൈവം നിഗളികളെ എതിർക്കുകയും താഴ്മയുള്ളവർക്ക് കൃപ നൽകുകയും ചെയ്യുന്നു—1 പത്രൊ. 5:5:**

1 പത്രൊ. 5:5 അങ്ങനെതന്നെ, ഇളയവരേ, മൂപ്പന്മാർക്കു കീഴ്പ്പെട്ടിരിക്കുവിൻ; നിങ്ങൾ എല്ലാവരും അന്യോന്യം താഴ്മകൊണ്ട് അരകെട്ടുവിൻ, എന്തുകൊണ്ടെന്നാൽ ദൈവം നിഗളികളെ എതിർക്കുന്നു, എന്നാൽ താഴ്മയുള്ളവർക്ക് കൃപ നൽകുന്നു.

A. സഭാജീവിതത്തിൽ, ദൈവത്തെ കൃപാദാതാവായി ആസ്വദിക്കുവാൻ, നാമെല്ലാവരും അന്യോന്യം താഴ്മകൊണ്ട് അരകെട്ടണം—പ്ര.നി. യോഹ. 13:3-5.

യോഹ. 13:3 പിതാവ് സകലവും തന്റെ കരങ്ങളിലേക്ക് നൽകിയിരുന്നു എന്നും താൻ ദൈവത്തിൽ നിന്ന് പുറപ്പെട്ടുവരുകയും ദൈവത്തിലേക്കു പോകുകയും ചെയ്യുന്നു എന്നും യേശു അറിഞ്ഞിട്ട്,

യോഹ. 13:4 അത്താഴത്തിൽ നിന്നെഴുന്നേറ്റ്, തന്റെ പുറംവസ്ത്രം മാറ്റിവച്ച്, ഒരു തുവർത്ത് എടുത്ത്, തന്റെ അരയിൽ ചുറ്റി;

യോഹ. 13:5 പിന്നെ അവൻ തൊട്ടിയിലേക്ക് വെള്ളം ഒഴിച്ച്, ശിഷ്യന്മാരുടെ പാദം കഴുകുവാനും താൻ അരയിൽ ചുറ്റിയിരുന്ന തുവർത്തുകൊണ്ട് അവയെ തുടയ്ക്കുവാനും തുടങ്ങി.

B. താഴ്മ നമ്മെ എല്ലാവിധ നാശത്തിൽനിന്നും രക്ഷിക്കുകയും ദൈവകൃപയെ ക്ഷണിക്കുകയും ചെയ്യുന്നു, എന്നാൽ നിഗളം നമ്മെ ഒന്നത വിഡ്ഢിയാക്കുന്നു—യാക്കോ. 4:6; സങ്കീ. 138:6; സദൃ. 29:23.

| | |
|---|---|
| യാക്കോ. 4:6 | അവനോ വലിയ കൃപ നൽകുന്നു; അതുകൊണ്ട്, "ദൈവം നിഗളികളെ എതിർക്കുകയും താഴ്മയുള്ളവർക്കു കൃപ നൽകുകയും ചെയ്യുന്നു" എന്ന് അതു പറയുന്നു. |
| സങ്കീ. 138:6 | യഹോവ ഉന്നതനെങ്കിലും താഴ്മയുള്ളവനെ കടാക്ഷിക്കുന്നു; ഗർവ്വിയെയോ അവൻ ദൂരത്തുനിന്നു അറിയുന്നു. |
| സദൃ. 29:23 | മനുഷ്യന്റെ ഗർവ്വം അവനെ താഴ്ത്തിക്കളയും; മനോവിനയമുള്ളവനോ മാനം പ്രാപിക്കും. |

C. അവൻ നമ്മെ സ്നേഹത്തോടെയും വിശ്വസ്തതയോടെയും കരുതുന്നതുകൊണ്ട്, നാം ദൈവത്തിന്റെ ശിക്ഷണത്തിൽ അവന്റെ ബലമുള്ള കൈക്കീഴിൽ താഴ്ത്തപ്പെട്ടിരിക്കുവാനും, താണിരിക്കുവാനും, നമ്മുടെ ജീവിതത്തെ അതിന്റെ വ്യാകുലതയോടെ അവന്റെമേൽ എറിയുവാനും മനസ്സുള്ളവരായിരിക്കണം—1 പത്രൊ. 5:5-7; പ്ര.നി. സങ്കീ. 55:22.

| | |
|---|---|
| 1 പത്രൊ. 5:5 | അങ്ങനെതന്നെ, ഇളയവരേ, മൂപ്പന്മാർക്കു കീഴ്പ്പെട്ടിരിക്കുവിൻ; നിങ്ങൾ എല്ലാവരും അന്യോന്യം താഴ്മകൊണ്ട് അരകെട്ടുവിൻ, എന്തുകൊണ്ടെന്നാൽ ദൈവം നിഗളികളെ എതിർക്കുന്നു, എന്നാൽ താഴ്മയുള്ളവർക്ക് കൃപ നൽകുന്നു. |
| 1 പത്രൊ. 5:6 | അതുകൊണ്ട് അവൻ തക്കസമയത്ത് നിങ്ങളെ ഉയർത്തേണ്ടതിന് ദൈവത്തിന്റെ ബലമുള്ള കൈക്കീഴിൽ, താഴ്ത്തപ്പെട്ടിരിക്കുവിൻ, |
| 1 പത്രൊ. 5:7 | നിങ്ങളെ സംബന്ധിച്ച് അവനു കാര്യമുള്ളതിനാൽ നിങ്ങളുടെ സകല വ്യാകുലതയും അവന്റെമേൽ എറിഞ്ഞുകൊണ്ടുതന്നെ. |
| സങ്കീ. 55:22 | നിന്റെ ഭാരം യഹോവയുടെമേൽ വെച്ചുകൊൾക; അവൻ നിന്നെ പുലർത്തും; നീതിമാൻ കുലുങ്ങിപ്പോകുവാൻ അവൻ ഒരുനാളും സമ്മതിക്കയില്ല. |

**IX. വിശ്വാസികളെ തന്റെ നിത്യ തേജസ്സിലേക്ക് വിളിച്ച "സകല കൃപയുടെയും ദൈവം" അവരുടെ കഷ്ടാനുഭവങ്ങളിലൂടെ അവരെ തികഞ്ഞവരാക്കുകയും ഉറപ്പിക്കുകയും ബലപ്പെടുത്തുകയും അടിസ്ഥാനപ്പെടുത്തുകയും ചെയ്യുന്നു; ഈ "സകല കൃപയും" വിശ്വാസികൾ അതിലേക്ക് പ്രവേശിച്ച് അതിൽ നിൽക്കേണ്ട "ദൈവത്തിന്റെ സത്യകൃപ" ആണ്—1 പത്രൊ. 5:10, 12.**

| | |
|---|---|
| 1 പത്രൊ. 5:10 | എന്നാൽ ക്രിസ്തു യേശുവിൽ നിങ്ങളെ തന്റെ നിത്യതേജസ്സിലേക്ക് വിളിച്ചവനായ, സകല കൃപയുടെയും ദൈവം, നിങ്ങൾ അൽപകാലം കഷ്ടമനുഭവിച്ചശേഷം, താൻതന്നെ നിങ്ങളെ തികഞ്ഞവരാക്കി, ഉറപ്പിച്ച്, ബലപ്പെടുത്തി, അടിസ്ഥാനപ്പെടുത്തും. |
| 1 പത്രൊ. 5:12 | ഇതാകുന്നു ദൈവത്തിന്റെ സത്യകൃപയെന്ന് പ്രബോധിപ്പിച്ചും പൂർണമായി സാക്ഷീകരിച്ചുംകൊണ്ട്, വിശ്വസ്ത സഹോദരനായി ഞാൻ കണക്കാക്കുന്ന സില്വാനൊസ് മുഖാന്തരം, ചുരുക്കത്തിൽ ഞാൻ നിങ്ങൾക്ക് എഴുതിയിരിക്കുന്നു; ഈ കൃപയിലേക്കു പ്രവേശിച്ച് അതിൽ നിൽക്കുവിൻ. |

**X. ദൈവത്തിന്റെ സത്യകൃപ എന്നത് നമ്മുടെ കർത്താവും രക്ഷിതാവുമായ യേശു ക്രിസ്തുവിന്റെ പരജ്ഞാനത്തോടുകൂടെ, വിശ്വാസികൾ ഇപ്പോഴും നിത്യതയുടെ**

**നാളോളവും അവന്റെ മഹത്വത്തിങ്കലേക്ക് വളരേണ്ടതായ കൃപയാണ്—2 പത്രൊ. 3:18:**

2 പത്രൊ. 3:18 എന്നാൽ നമ്മുടെ കർത്താവും രക്ഷിതാവുമായ യേശു ക്രിസ്തുവിന്റെ കൃപയിലും പരിജ്ഞാനത്തിലും വളരുവിൻ. അവന് ഇപ്പോഴും നിത്യതയുടെ നാളോളവും മഹത്വം ഉണ്ടായിരിക്കട്ടെ. ആമേൻ.

A. താൻ എഴുതിയതെല്ലാം ദൈവകൃപയിൽനിന്നും, ദൈവകൃപയിലും, ദൈവകൃപയാലും, ദൈവകൃപയിലൂടെയും ആകുന്നുവെന്ന് സൂചിപ്പിച്ചുകൊണ്ട് ഇത് അപ്പൊസ്തലനായ പത്രൊസിന്റെ എഴുത്തുകളുടെ ഉപസംഹാര വചനമാണ്.

B. ദൈവത്തിന്റെ വ്യവസ്ഥയിൽ കൃപയുടെ അനന്തരഫലം പുതിയ ആകാശത്തിലും പുതിയ ഭൂമിയിലും ദൈവത്തിന്റെ നീതിയുടെ പരിണതിയായി പുതിയ യെരൂശലേം ആകുവാനുള്ള ദൈവത്തിന്റെ കവിതയെന്ന നിലയിൽ ക്രിസ്തുവിന്റെ ശരീരമാണ്—2:7-10; 2 പത്രൊ. 3:13.

എഫെ. 2:7 വരുവാനുള്ള യുഗങ്ങളിൽ ക്രിസ്തു യേശുവിൽ നമ്മോടുള്ള ദയയാൽ അവന്റെ കൃപയുടെ അളവറ്റ ധനം പ്രദർശിപ്പിക്കേണ്ടതിനു തന്നെ.

എഫെ. 2:8 എന്തെന്നാൽ കൃപയാൽ നിങ്ങൾ വിശ്വാസം മുഖാന്തരം രക്ഷിക്കപ്പെട്ടിരിക്കുന്നു, ഇത് നിങ്ങളിൽനിന്നല്ല; ഇത് ദൈവത്തിന്റെ ഉപഹാരമാകുന്നു;

എഫെ. 2:9 ആരും പ്രശംസിക്കാതിരിക്കേണ്ടതിന് പ്രവൃത്തികളിൽനിന്നും അല്ല.

എഫെ. 2:10 എന്തെന്നാൽ നാം സൽപ്രവൃത്തികൾക്കായി ക്രിസ്തു യേശുവിൽ സൃഷ്ടിക്കപ്പെട്ട അവന്റെ ഉൽകൃഷ്ടസൃഷ്ടി ആകുന്നു, നാം അവയിൽ നടക്കേണ്ടതിന് ദൈവം അവയെ മുൻകൂട്ടി ഒരുക്കിയിരിക്കുന്നു.

2 പത്രൊ. 3:13 എന്നാൽ നാം അവന്റെ വാഗ്ദത്തപ്രകാരം നീതി വസിക്കുന്ന, പുതിയ ആകാശവും പുതിയ ഭൂമിയും പ്രതീക്ഷിക്കുന്നു.

C. ദൈവകൃപയുടെ സമ്പത്ത്, നമ്മുടെ ആസ്വാദനത്തിനായുള്ള ദൈവത്തിന്റെ തന്നെ സമ്പത്ത്, എല്ലാ അതിരുകൾക്കും അപ്പുറമായിരിക്കുന്നു, അത് നിത്യതയോളം പരസ്യമായി പ്രദർശിപ്പിക്കപ്പെടുകയും ചെയ്യും—എഫെ. 2:7.

എഫെ. 2:7 വരുവാനുള്ള യുഗങ്ങളിൽ ക്രിസ്തു യേശുവിൽ നമ്മോടുള്ള ദയയാൽ അവന്റെ കൃപയുടെ അളവറ്റ ധനം പ്രദർശിപ്പിക്കേണ്ടതിനു തന്നെ.